ശ്രീ. കെ. ശങ്കരനാരായണൻ : പുതിയ മേഖലയിൽ നടക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പരാമർശിച്ചത്. മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം എന്നു പറയുന്ന 93 ഇനിഷ്യേറ്റീവ്സിൽ ഈ കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്.

വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരണം

2 (*405) ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ വിമുക്തഭടന്മാർക്ക് മറ്റ് സംസ്ഥാനങ്ങളിലെ വിമുക്ത ഭടന്മാരെ അപേക്ഷിച്ച് ആനുകൂല്യം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) രണ്ടാം ലോകമഹായുദ്ധകാലത്തെ വിമുക്തഭടന്മാർക്കും വിധവകൾക്കും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ&ബി) സംസ്ഥാനത്തെ വിമുക്ത ഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി 23-6-2000-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 409/2000 പൊ.ഭ.വ. പ്രകാരം "കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ" രൂപീകരിക്കുകയും 7-12-2001-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ഓഹരി മൂലധനം 50 ലക്ഷം രൂപയാണ്. പ്രസ്തുത കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമുൾപ്പെടെ 7 അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടേയും ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, അവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് പരിശോധനയിലാണ്.

(ഇ) രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് പെൻഷൻ ആനുകൂല്യം നൽകി വരുന്നുണ്ട്. ഇവർക്ക് പെൻഷൻ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി 1-6-2003 മുതൽ ഈ പെൻഷൻ ആനുകൂല്യം മണി ഓർഡർ മുഖാന്തിരം വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട്. വിധവകൾക്ക് ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല.

ശ്രീ. ഷിബു ബേബിജോൺ : സർ, കേരളത്തിലെ വിമുക്തഭടന്മാർ തികച്ചും അവഗണന സഹിച്ചു മുന്നോട്ടു പോകുന്ന ഒരു സാഹചര്യമാണ്. ഇപ്പോൾത്തന്നെ കേരള വിമുക്തഭട പുനരധിവാസ കോർപ്പറേഷൻ രൂപീകരിച്ചു എന്നു പറഞ്ഞു. (സി, ഡി) എന്നീ ചോദ്യങ്ങൾക്കുത്തരമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം ആനുകൂല്യങ്ങൾ കുറവാണ് കേരളത്തിൽ കിട്ടുന്നതെന്നും അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പരിശോധിച്ചു വരികയാണെന്നും പറഞ്ഞു. കാര്യക്ഷമമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ അപാകതകൾ പരിഹരിക്കാനായി എന്തു നടപടികളാണ് ഈ കോർപ്പറേഷന്റെ ഭാഗത്തുനിന്നും എടുത്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം വ്യക്തമായ തീരുമാനമുണ്ട്. മാസം 300 രൂപയേ ഇവിടെ പെൻഷൻ കൊടുക്കുന്നുള്ളൂ. ചില സംസ്ഥാനങ്ങളിൽ 750 രൂപ കൊടുക്കുന്നുണ്ട്, മറ്റു ചില സംസ്ഥാനങ്ങളിൽ 500 രൂപ കൊടുക്കുന്നുണ്ട്. തമിഴ്നാട്ടിൽ 300 രൂപയും യു.പി.യിൽ 250 രൂപയും വെസ്റ്റ് ബംഗാളിൽ 300 രൂപയും ആന്ധ്രാപ്രദേശിൽ 300 രൂപയും ഗോവയിൽ 800 രൂപയും കൊടുക്കുന്നുണ്ട്. പല സംസ്ഥാനങ്ങളിലും പല വിധത്തിലാണ്. ഇവരുടെ പെൻഷൻ പോരാ, കുറച്ചുകൂടി കൂടുതൽ വേണമെന്നുള്ളത് ആവശ്യപ്പെട്ടിട്ടുണ്ട്. പെൻഷൻ വാങ്ങുന്നവർ 6000-ത്തോളമുണ്ട്. ഇവർക്ക് എന്തെങ്കിലും കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമോ എന്നുള്ളത് ക്യാബിനറ്റിൽ ആലോചിച്ചു മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും ഇതിനെക്കുറിച്ച് വളരെ പുരോഗമന രീതിയോടുകൂടിത്തന്നെ ഗവൺമെന്റ് ആലോചിക്കണമെന്നുള്ളതുതന്നെയാണ് തീരുമാനം.

ശ്രീ. ഷിബു ബേബിജോൺ : സർ, പെൻഷൻ കാര്യങ്ങളിൽ മാത്രമല്ല, മറ്റു പല കാര്യങ്ങളിലും വ്യത്യാസമുണ്ട്. കാർഗിൽ യുദ്ധത്തിൽ മരിച്ചവർക്ക് ഇന്നും സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കാൻ സാധിച്ചില്ല, അത് മാത്രമല്ല, അവരുടെ ആശ്രിതർക്ക് കേന്ദ്ര ഗവൺമെന്റ് നിയമനം നൽകുന്നുണ്ട്. പക്ഷേ അത് കേരളത്തിലുള്ള അവരുടെ ഭാര്യക്ക് അല്ലെങ്കിൽ പ്രായമായ കുട്ടികൾക്ക് കേരളത്തിലല്ല, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ പോയി ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യമുണ്ട്. അത് മാറ്റാനായി കേരളത്തിൽ തന്നെ അവർക്ക് ജോലി കൊടുക്കുന്നു എന്ന് ഉറപ്പു വരുത്താനായി എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : കാർഗിൽ യുദ്ധത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് കേരളത്തിൽ ജോലി കൊടുത്തിട്ടുണ്ട്. പുറംസംസ്ഥാനങ്ങളിൽ കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ എന്നുള്ളത് അറിയില്ല, അങ്ങനെയാണെങ്കിൽ അവർക്ക് കേരളത്തിൽ തന്നെ കൊടുക്കാൻ സാധ്യതയുണ്ടോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. കെ. കെ. ഷാജു : സർ, നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഒരു വിഭാഗമാണ് വിമുക്തഭടന്മാർ. ആദ്യം പെൻഷൻ പറ്റി പിരിയുന്നവർക്ക് ഒരു പെൻഷൻ സ്കീം, അവസാനം പെൻഷൻ പറ്റുന്നവർക്ക് വേറെ സ്കീം, ആ നിലയിലാണ് ഈ സ്കീം നടപ്പിലാക്കുന്നത്. 'One rank one pension' എന്നുള്ള സ്കീം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ? ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിനു മാത്രമായി ഇവർക്ക് പെൻഷൻ പദ്ധതിയില്ല. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലൊക്കെ സ്റ്റേറ്റ് പെൻഷൻ കൂടി ഇതിനോട് ചേർത്ത് കൊടുക്കുന്നുണ്ട്. ആ നിലയിൽ സ്റ്റേറ്റ് പെൻഷൻ കൂടി കേന്ദ്ര പെൻഷനോടൊപ്പം ചേർത്തുകൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അത് ആലോചിച്ചു പറയാം.

മി. സ്പീക്കർ : 'One rank one pension' എങ്ങുമില്ല. അത് നല്ലൊരു മുദ്രാവാക്യമാണ്.

ശ്രീ. കെ. കെ. ഷാജു : സർ, മുഖ്യമന്ത്രിക്കുവേണ്ടിയാണെങ്കിലും എക്സൈസ് വകുപ്പു മന്ത്രിയാണ് ഇപ്പോൾ മറുപടി പറയുന്നത്. പെൻഷൻകാരുടെ മദ്യത്തിന്റെ ടാക്സ് വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിനു തൊട്ടടുത്തുതന്നെ 17,000 ലിറ്റർ കോട പിടിച്ചു. വ്യാപകമായി വ്യാജ മദ്യവും സ്പിരിറ്റുമൊക്കെ കടന്നുവരുന്ന നമ്മുടെ സംസ്ഥാനത്ത് അതെല്ലാം പ്രവർത്തിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. പെൻഷൻകാർക്ക് കിട്ടുന്ന മദ്യത്തിന്റെ ടാക്സ് ഗവൺമെന്റ് അംഗീകാരത്തോടുകൂടി കൂട്ടിയത് അനീതിയാണെന്നുള്ള വ്യാപകമായ അഭിപ്രായമുണ്ട്. അങ്ങനെ കൂട്ടിയത് കുറയ്ക്കാൻ, അത് പുനഃപരിശോധിക്കാൻ ഗവൺമെന്റ് എന്തു നടപടികളാണ് എടുക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : കഴിഞ്ഞ പ്രാവശ്യം അത് കുറച്ചുകൊടുത്തു. ഇനിയും കുറയ്ക്കണമെന്നാണ് പറയുന്നത്. അതങ്ങനെ മുഴുവൻ കുറയ്ക്കാൻ പറ്റില്ല.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, വിമുക്തഭടന്മാരിൽ ശാസ്ത്ര സാങ്കേതിക മേഖലകളിൽ നൂതനമായ പ്രായോഗിക പരിശീലനം നേടിയവരുണ്ട്. സംസ്ഥാന സർവ്വീസിൽ ഈ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഇനി അത് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : അവർക്ക് പലർക്കും സെക്യൂരിറ്റി തുടങ്ങിയവയിലൊക്കെ ജോലി കൊടുത്തിട്ടുണ്ട്. പക്ഷേ എല്ലാവർക്കും കൊടുക്കാൻ സാധിച്ചിട്ടില്ല. ഇതിൽ വലിയൊരു ശതമാനവും സെക്കൻഡ് വേൾഡ് വാറിലുള്ളവരായതുകൊണ്ട് വളരെയധികം പ്രായമുള്ളവരാണ്.

ശ്രീ. ഉമേഷ് ചള്ളിയിൽ : വിമുക്തഭടന്മാരുടെ വീടുകളെ ടാക്സിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : അതു പഞ്ചായത്തുകളാണ് ചെയ്യേണ്ടത്.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം നൽകിയപ്പോൾ രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് പെൻഷൻ ആനുകൂല്യം നൽകിയെന്നും 1-6-2003 മുതൽ മണി ഓർഡറായി പെൻഷൻ ആനുകൂല്യങ്ങൾ എത്തിച്ചു കൊടുക്കുമെന്നും പറഞ്ഞു. എന്നാൽ വിധവകൾക്ക് ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്നും ബഹുമാന്യനായ മന്ത്രി പറയുകയുണ്ടായി. അക്കാര്യം ഒന്നു പുന:പരിശോധിക്കുമോ ; അതോടൊപ്പം തന്നെ വിമുക്തഭടന്മാരുടെ ആശ്രിതരിൽ ഒരാൾക്കു വീതം സർക്കാർ സർവ്വീസിൽ തൊഴിൽ നൽകുന്ന കാര്യം പ്രത്യേകമായി പരിഗണിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : വിധവകൾക്ക് ഇതിന്റെ ആനുകൂല്യം കൊടുക്കേണ്ട കാര്യം പരിശോധനാ വിഷയമാക്കേണ്ടതാണ്. അത് സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ ഒരു മറുപടി പറയാൻ കഴിയില്ല.

ശ്രീ. ജോണിനെല്ലൂർ : നമ്മുടെ രാജ്യത്തിനുവേണ്ടി സേവനം അനുഷ്ഠിച്ച് ഇപ്പോൾ വിമുക്തഭടന്മാരായി കഴിയുന്നവർക്ക് സെക്രട്ടേറിയറ്റിൽപ്പോലും കടന്നു വരണമെങ്കിൽ പ്രത്യേകമായി പാസ്സ് എടുക്കേണ്ടതുണ്ട്. ഇങ്ങനെയുള്ള വിമുക്തഭടന്മാർ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. അവർക്കു സെക്രട്ടേറിയറ്റു പോലെയുള്ള നിയന്ത്രിത മേഖലകളിൽ കടന്നു ചെല്ലുന്നതിനാവശ്യമായ ഗ്രീൻ കാർഡ് നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ ?

മി. സ്പീക്കർ : അത് ഒരിക്കലും ശരിയാവില്ല.

ശ്രീ. വർക്കല കഹാർ : മിശ്രവിവാഹിതർക്ക് ചില കാര്യങ്ങളിൽ മുൻഗണനയുള്ളതുപോലെ പരിക്കുപറ്റിയ ജവാന്മാരുടെ ആശ്രിതർക്കും മരണമടഞ്ഞ ജവാന്മാരുടെ ആശ്രിതർക്കും കഴിയുന്നത്ര മുൻഗണന നൽകാൻ ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പെട്ടെന്നു മറുപടി പറയാൻ പറ്റുന്ന ചോദ്യമല്ല. അതിനെക്കുറിച്ച് ആലോചിച്ചു മാത്രമേ മറുപടി പറയാൻ കഴിയൂ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സ്വന്തമായി ഭൂമിയില്ലാത്ത വിമുക്ത ഭടന്മാരെ സംബന്ധിച്ചിടത്തോളം അവർക്കു കൊടുക്കാൻ വേണ്ടി കാസർകോട് ജില്ലയിൽ ഭൂമി മാറ്റി വച്ചിട്ടുണ്ട്. പക്ഷേ മാറ്റി വച്ച ആ ഭൂമി വിമുക്തഭടന്മാർക്കു കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്. വളരെ ചെറിയ രീതിയിലായിരുന്നു അവരുടെ വരുമാന പരിധി പണ്ടേ നിശ്ചയിച്ചിരുന്നത്. ഇപ്പോഴാണെങ്കിൽ ഒരു സാധാരണ പട്ടാളക്കാരൻ പെൻഷൻ പറ്റി പിരിയുമ്പോൾ ഉള്ള വരുമാനം കൂടി

കണക്കാക്കി ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷം രൂപയെങ്കിലും വരുമാനം വച്ചാൽ മാത്രമേ ഭൂമി അവർക്കു ലഭിക്കൂ. ഭൂമി അവർക്കു ലഭിക്കത്തക്ക രീതിയിൽ അവരുടെ വരുമാന പരിധി ഉയർത്തി അതിനെ അടിസ്ഥാനപ്പെടുത്തി അപേക്ഷ ക്ഷണിച്ചുകൊണ്ട് (ആ ഭൂമി അവർക്കുവേണ്ടി റിസർവ് ചെയ്തു വച്ച ഭൂമിയാണ്) ആ ഭൂമി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : പരിശോധിച്ചു വേണ്ട നടപടികൾ എടുക്കാം.

ശ്രീ. പി .ജെ. ജോയി : വിമുക്തഭടന്മാരുടെ ക്ഷേമത്തിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കോർപ്പറേഷൻ വഴി വേണം പൊതുമേഖലാ സ്ഥാപനങ്ങളിലെ സെക്യൂരിറ്റിക്കാരെ നിയമിക്കേണ്ടതെന്നു ഗവൺമെന്റു തീരുമാനമുണ്ടോ ; അതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതു നടപ്പാക്കുമോ എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ബോർഡാണ് ഇവരെക്കുറിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നത്. ഈ വിമുക്തഭടന്മാർ ബോർഡുമായി ബന്ധമുള്ളവരാണ്. ബോർഡിന്റെ ചെയർമാൻ എന്നുപറയുന്നത് അവരുടെ ഇടയിൽ തന്നെയുള്ള റിട്ടയേർഡ് മേജർമാരും കേണൽമാരുമാണ്. അവരുമായി ബന്ധപ്പെട്ടാണ് ഇക്കാര്യങ്ങളൊക്കെ തീരുമാനിക്കുന്നത്.

ശ്രീ. പി. ജെ. ജോയി : പബ്ളിക് സെക്ടർ അണ്ടർടേക്കിംഗ്സിൽ സെക്യൂരിറ്റിയെ നിയമിക്കുന്ന കാര്യമാണ് ഞാൻ ചോദിച്ചത്. അതു കോർപ്പറേഷൻ വഴി വേണമെന്നു നിജപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതു കോർപ്പറേഷൻ വഴി നിജപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അതു നോക്കിയാലേ പറയാൻ പറ്റൂ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അതിരപ്പള്ളി പഞ്ചായത്തിൽ ഡിസ്ട്രിക്ട് കളക്ടർ ചെയർമാനായി ഒരു എക്സ് സർവീസ്മെൻ കോളനിയുണ്ട്. ഈ കോളനിയിൽ 28 വിമുക്ത ഭടന്മാരും 52 വിധവകളുമുണ്ട്. അവർക്ക് അനുഭവപ്പെടുന്ന നാനാമുഖങ്ങളായ കഷ്ടപ്പാടുകൾക്ക് ഒരു പരിധി വരെയെങ്കിലും അറുതി വരുത്താൻ ഭരണ സമിതിയുടെ പ്രതിനിധികളേയും സ്ഥലത്തെ ജനപ്രതിനിധികളേയും അങ്ങയുടെ ഓഫീസിൽ വിളിച്ചു വരുത്തി വിശദമായ ഒരു ചർച്ച നടത്തി ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാൻ തയ്യാറാകുമോ ? കൃത്യമായി ഒരു എക്സ് സർവീസ് കോളനിയുള്ളതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ : ഒരു റെപ്രസന്റേഷൻ കൊടുക്കേണ്ടി വരും.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : റെപ്രസന്റേഷൻ കൊടുത്തതിന്റെ എണ്ണം ഞാൻ പറയുന്നില്ല. അതുകൊണ്ടാണ് കിട്ടിയ അവസരം ഉപയോഗിച്ചുകൊണ്ട് ഒരു ഉറപ്പ് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും അങ്ങയിലൂടെ ലഭിക്കാൻ ഞാൻ ശ്രമിച്ചത്. അതിനു അങ്ങ് ശ്രമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ അവർക്കു കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. പുതിയ ആനുകൂല്യങ്ങൾ വേണമെങ്കിൽ പുതിയതായി തീരുമാനങ്ങൾ എടുക്കണം. തീരുമാനമെടുക്കാതെ അതിനെക്കുറിച്ച് ഈ സഭയിൽ ഒരു ഉറപ്പു തരാൻ കഴിയില്ല.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : ആസാം റൈഫിൾസ് എന്ന പേരിൽ സെക്കന്റ് വേൾഡ് വാറിൽ ഒരു സേനാവിഭാഗം ഉണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റ് ഇവരെ പല കാര്യങ്ങളിലും അവഗണിക്കുന്നതായി അവരുടെ അസോസിയേഷൻ പലപ്പോഴും പരാതിപ്പെടാറുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്ന ആനുകൂല്യം ഇവർക്കും നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : മറ്റു സംസ്ഥാനങ്ങളിലുള്ള ആനുകൂല്യങ്ങൾ എന്നു പറയുന്നത് പെൻഷനാണ്. ഇപ്പോൾ പ്രധാനമായും കൊടുക്കുന്നത് സെക്കന്റ് വേൾഡ് വാറിൽ ഏർപ്പെട്ടവർക്കാണ്. ഓരോ സംസ്ഥാനത്തും ഇത് വ്യത്യസ്തമാണ്. കേരളത്തിൽ 300 രൂപയാണ് കൊടുക്കുന്നത്. ചില സ്റ്റേറ്റുകളിൽ 750/800 രൂപ വരെ കൊടുക്കുന്നുണ്ട്. ഗോവയാണ് ഏറ്റവും കൂടുതൽ കൊടുക്കുന്നത്. ഒരു പരിഷ്ക്കരണം വേണമെങ്കിൽ ആലോചിച്ചു മാത്രമേ മറുപടി പറയാനൊക്കുകയുള്ളൂ.

ശ്രീ. എ. സുജനപാൽ : 50 ശതമാനത്തിലധികം പരുക്കേറ്റ വിമുക്ത ഭടന്മാരുടെ മക്കൾക്ക് അല്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ഗവൺമെന്റ് സർവ്വീസിൽ ജോലി കൊടുക്കണമെന്ന ഒരു വ്യവസ്ഥയുണ്ട്. നിരവധി അപേക്ഷകൾ ഗവൺമെന്റിൽ പെന്റിംഗിലാണ്. അതു സ്പീഡ് അപ്പ് ചെയ്ത് വളരെ വേഗത്തിൽ ജോലി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ചെറിയൊരു ശതമാനം ആളുകൾക്കു മാത്രം ജോലി കിട്ടിയതായിട്ടാണ് രേഖയിൽ കാണുന്നത്. ബാക്കിയുള്ളവർക്കു മുഴുവൻ കൊടുക്കാനുള്ള വേക്കൻസി ഇല്ലാത്തതുകൊണ്ടായിരിക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ : വിമുക്ത ഭടന്മാർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചെറുപ്പക്കാരായ ആയിരക്കണക്കിന് വിമുക്ത ഭടന്മാർ നമ്മുടെ സംസ്ഥാനത്തുണ്ട്. മറ്റു പണികളൊന്നുമില്ലാതെ അവർ കഷ്ടപ്പെടുകയാണ്. സ്റ്റേറ്റ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ബീവറേജസ് സ്റ്റാളുകളിൽ വാച്ചുമാൻമാരായി ഇവരെ നിയമിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ ഗവൺമെന്റ് കണക്കനുസരിച്ച് 6713 വിമുക്തഭടന്മാരാണ് സെക്കന്റ് വേൾഡ് വാറിൽ പങ്കെടുത്തിട്ടുള്ളത്. ഇതിൽ ചെറുപ്പക്കാരുണ്ടാകാൻ യാതൊരു സാധ്യതയും ഇല്ല 60-ഉം 65-ഉം വയസ്സായ ആളുകളാണുള്ളത്. അവരെ നിയമിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ശ്രീ. കെ. മോഹൻ കുമാർ : 15 വർഷത്തെ സർവ്വീസും കഴിഞ്ഞു മടങ്ങി വരുന്ന വിമുക്ത ഭടന്മാർ, 30-ഉം 35-ഉം വയസ്സിലാണ് അവർ സർവ്വീസിൽ നിന്നും പിരിയുന്നത്. മാത്രവുമല്ല ഇപ്പോൾ ശത്രുക്കളുടെ ആക്രമണത്തിന്റെ സ്വഭാവവും

മാറി വരികയാണ്. പഴയതുപോലെ പീരങ്കിയും തോക്കും കൊണ്ട് യുദ്ധത്തിനു പോകുകയല്ല ചെയ്യുന്നത്. പാരാ മിലിട്ടറി സർവ്വീസിൽ പ്രവർത്തിക്കുന്ന ആളുകൾ പലരും ആക്രമണത്തിൽ പരിക്കേൽക്കുകയും മരണമടയുകയും ചെയ്തിട്ടുണ്ട്. പക്ഷേ, സംസ്ഥാന സർക്കാർ ആനുകൂല്യം നൽകുമ്പോൾ, നേവിയിലും എയർഫോഴ്സിലും ആർമിയിലും ഒക്കെ സേവനമനുഷ്ഠിച്ച് മരണമടയുന്നവർക്ക് വളരെ തുച്ഛമായ തുകയാണ് പലപ്പോഴും കൊടുക്കാറുള്ളത്. അതുകൊണ്ട് പാരാ മെഡിക്കൽ സർവ്വീസിൽപ്പെട്ടവർക്കുകൂടി ഈ ആനുകൂല്യങ്ങൾ നൽകാനും ഒപ്പം സംസ്ഥാന ഗവൺമെന്റ് നല്ല രീതിയിൽ സംഘടിപ്പിച്ച വിമുക്ത ഭടന്മാരുടെ കോർപ്പറേഷനിൽ വിമുക്തഭടന്മാർക്കു പ്രാതിനിധ്യം നൽകാനും തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇതു സെക്കന്റ് വേൾഡ് വാറിൽ പങ്കെടുത്ത ഭടൻമാർക്കും വിമുക്തഭടന്മാർക്കും വേണ്ടിയുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ചോദിച്ചത് പുതിയതായിട്ടുള്ള ഭടന്മാരെക്കുറിച്ചാണ്.

ശ്രീ. എം. മുരളി : യുദ്ധരംഗത്ത് മരിച്ചു വീഴുന്നവർക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ചില ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. കാർഗിൽ പോലെയുള്ള മേഖലകളിൽ ഇപ്പോഴും അതിർത്തിയിൽ രാജ്യരക്ഷാ പ്രവർത്തനം നടത്തുന്നവർ അപകടങ്ങളിൽപ്പെട്ട് മരണമടയാറുണ്ട്. വാഹനാപകടത്തിലൂടേയും മഞ്ഞിടിഞ്ഞു വീണും അപകടങ്ങൾ ഉണ്ടാകാറുണ്ട്. അങ്ങനെ മരണമടയുന്നവർക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും കാര്യമായ സാമ്പത്തിക സഹായമൊന്നും ചെയ്യുന്നില്ല. യുദ്ധരംഗത്തല്ലാതെ, അതിർത്തിയിൽ രാജ്യരക്ഷയ്ക്കിടയിൽ മരിച്ചു വീഴുന്നവർക്ക് സാമ്പത്തിക സഹായം ചെയ്യാൻ, ആ കുടുംബത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇപ്പോൾ അതിനെക്കുറിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല.

മാതൃകാ ആശുപത്രികളായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

3 (*406) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർക്കാർ ആശുപത്രികളുടെ പത്ത് ശതമാനം ആശുപത്രികളെ മാതൃകാ ആശുപത്രികളാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇവയുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ;

(സി) മാതൃകാ ആശുപത്രികളാക്കി വികസിപ്പിക്കുന്നതിന് ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly